# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:23.07.2025**

### പ്രധാനവാർത്തകൾ

1. വർഷകാല സമ്മേളനത്തിൻറെ മൂന്നാം ദിവസവും- പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെൻറിൻറെ ഇരു സഭകളിലും നടപടികൾ തടസപ്പെട്ടു.
2. മുൻ മുഖ്യമന്ത്രിയും മുതിർന്ന കമ്യൂണിസ്റ്റ് നേതാവുമായ വി എസ് അച്യുതാനന്ദന് വിട നൽകാൻ ജന്മനാട്. സംസ്കാരം വൈകിട്ട് ആലപ്പുഴയിൽ.
3. തദ്ദേശസ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പിനുള്ള കരട് വോട്ടർ പട്ടിക ഇന്ന് പ്രസിദ്ധീകരിക്കും.
4. ഇന്ന് ദേശീയ പ്രക്ഷേപണ ദിനം.
5. കർക്കടകവാവ് നാളെ. ബലിതർപ്പണ ചടങ്ങുകൾക്കുള്ള ഒരുക്കങ്ങൾ പൂർത്തിയായി.
6. ശക്തമായ മഴ മുന്നറിയിപ്പിനെ തുടർന്ന് സംസ്ഥാനത്തെ എട്ടു ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

&&&&&&&&&&&&&&&&&&

RAJU TVPM

പാർലമെൻറ്

വർഷകാല സമ്മേളനത്തിൻറെ മൂന്നാം ദിവസവും- പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെൻറിൻറെ ഇരു സഭകളിലും നടപടികൾ തടസപ്പെട്ടു. ഉപരാഷ്ട്രപതി സ്ഥാനത്ത് നിന്നുള്ള ജഗദീപ് ധനകറിൻറെ രാജി, ബീഹാർ വോട്ടർ പട്ടിക പുതുക്കൽ തുടങ്ങിയ വിവിധ വിഷയങ്ങൾ പ്രതിപക്ഷം ഇരുസഭകളിലും ഉന്നയിച്ചു. ക്രിയാത്മക ചർച്ചകൾക്ക് ലോക്സഭാ വേദിയാകണമെന്നും സഭയുടെ മര്യാദകൾ അംഗങ്ങൾ പാലിക്കണമെന്നും സ്പീക്കർ ഓം ബിർള ആവർത്തിച്ച് ആവശ്യപെട്ടിട്ടും പ്രതിപക്ഷം ബഹളം തുടർന്നു. ലോക്സഭയും രാജ്യസഭയും ആദ്യം 12 മണിവരെയും പിന്നീട് 2 മണിവരേയും നിർത്തിവെച്ചിരിക്കുകയാണ്.

&&&&&&&&&&&&&&&&&&

**പ്രധാനമന്ത്രി-യു.കെ**

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ യു.കെ, മാൽദീവ്സ് സന്ദർശനം ഇന്ന് ആരംഭിക്കും. സന്ദർശനത്തിൻറെ ആദ്യ പാദത്തിൽ യു.കെ യിലെത്തുന്ന ശ്രീ മോദി ബ്രിട്ടീഷ് പ്രധാനമന്ത്രി കെയർ സ്റ്റാർമറുമായി കൂടിക്കാഴ്ച നടത്തും.

ഈ മാസം 25, 26 തീയകളിൽ പ്രധാനമനന്ത്രി മാൽഡീവ്സ് സന്ദർശിക്കും. മാൽദീവ്സിൻറെ 60-ാം സ്വാതന്ത്ര്യ ദിന ആഘോഷ പരിപാടികളിൽ അദ്ദേഹം വിശിഷ്ടാതിഥിയായി പങ്കെടുക്കും.

RNU TVPM

&&&&&&&&&&&&&&&&&&&

**വിഎസ് അച്യുതാനന്ദൻ-ഇൻട്രോ**

അന്തരിച്ച മുൻ മുഖ്യമന്ത്രിയും മുതിർന്ന കമ്യൂണിസ്റ്റ് നേതാവുമായ വി എസ് അച്യുതാനന്ദന് വിട നൽകാൻ കേരളം. വിഎസിൻറെ സംസ്കാരം ഔദ്യോഗിക ബഹുമതികളോടെ ആലപ്പുഴ വലിയ ചുടുകാട്ടിൽ വൈകിട്ട് നടക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ല പ്രതിനിധി ആർ.രവികുമാർ....**

**(വോയിസ്)**

RNUTVPM

&&&&&&&&&&&&&&&&&&&

**കരട് വോട്ടർപട്ടിക**

തദ്ദേശസ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പിനു മുന്നോടിയായി വോട്ടർപട്ടിക പുതുക്കുന്നതിനുള്ള കരട് പട്ടിക സംസ്ഥാനത്ത് ഇന്ന് പ്രസിദ്ധീകരിക്കും. അന്തിമ വോട്ടർപട്ടിക അടുത്ത മാസം 30-ന് പ്രസിദ്ധീകരിക്കുമെന്നും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ അറിയിച്ചു.

ആഗസ്റ്റ് 7 വരെ വോട്ടർപട്ടികയിൽ പേര് ചേർക്കാൻ അവസരമുണ്ടാകും.

&&&&&&&&&&&&&&&&&&

## ദേശീയ പ്രക്ഷേപണദിനം

ഇന്ന് ദേശീയ പ്രക്ഷേപണദിനം. 1927-ൽ ഈ ദിവസമാണ്, ബോംബെ സ്റ്റേഷനിൽ നിന്ന് ഇന്ത്യൻ ബ്രോഡ്കാസ്റ്റിംഗ് കമ്പനി എന്ന സ്വകാര്യ കമ്പനിയുടെ കീഴിൽ രാജ്യത്തെ ആദ്യത്തെ റേഡിയോ

പ്രക്ഷേപണം ആരംഭിച്ചത്. നവമാധ്യമങ്ങളുടെ ഈ കാലഘട്ടത്തിലും ബഹുജന ഹിതായ, ബഹുജന സുഖായ എന്ന ആപ്തവാക്യവുമായി വിജ്ഞാനവും വിനോദവും പകർന്ന് നൽകി ആകാശവാണി, ഇന്നും...എന്നും... ശ്രോതാക്കളോടൊപ്പം.

&&&&&&&&&&&&&&&&&&

RNU TVPM

## ആകാശവാണി ഡയറക്ടർ ജനറൽ -ഇൻട്രോ

ആകാശവാണി വാർത്തകൾ കാലകാലങ്ങളായി സത്യത്തിൻറെ

പ്രതീകമായി നിലകൊള്ളുകയാണെന്ന് ആകാശവാണി ഡയറക്ടർ ജനറൽ ഡോ. പ്രഗ്യാ പാലിപാൽ ഗോഡ്. വാർത്തകൾ പക്ഷഭേദമില്ലാതെ നൽകാനുള്ള പ്രതിബദ്ധത രാഷ്ട്രത്തോടുള്ള ഉത്തരവാദിത്തമാണെന്നും

ദേശീയ പ്രക്ഷേപണദിന സന്ദേശത്തിൽ ആകാശവാണി ഡയറക്ടർ ജനറൽ പറഞ്ഞു.

(വോയിസ്)

&&&&&&&&&&&&&&&&&&

**മോഹൻലാൽ-ഇൻട്രോ**

ആധുനിക കാലഘട്ടത്തിൽ വാർത്തകളുടെ നിലവാരത്തിൽ ആകാശവാണിയുടെ പ്രൗഢി ഇപ്പോഴും മാറ്റമില്ലാതെ തുടരുകയാണെന്ന് ആകാശവാണി ഓർമ്മകൾ പങ്കുവച്ച് നടൻ മോഹൻലാൽ പറഞ്ഞു...

(ഹോൾഡ് വോയിസ്)

RNU TVPM

&&&&&&&&&&&&&&&&&&

**പ്രക്ഷേപണ ദിനം-പാലക്കാട്-ഇൻട്രോ**

-

നവമാധ്യമങ്ങൾക്കിടയിലും ആകാശവാണിയെ നെഞ്ചേറ്റുന്ന ശ്രോതാക്കളും അവരുടെ കൂട്ടായ്മകളും നിരവധിയാണ്. കേട്ടും എഴുതിയും അര നൂറ്റാണ്ടായി ശ്രവ്യമാധ്യമത്തോടൊപ്പം നിൽക്കുന്ന ഒരു ശ്രോതാവിനെ ഇനി പരിചയപ്പെടാം...

***ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത് തയ്യാറാക്കിയ റിപ്പോർട്ട്.....***

***(വോയിസ്)***

&&&&&&&&&&&&&&&&&&

**കർക്കടകവാവ്-കണ്ണൂർ-ഇൻട്രോ**

നാളെ കർക്കടകവാവ്. പിതൃ മോക്ഷം തേടി ആയിരങ്ങൾ നാളെ ബലിതർപ്പണ

ചടങ്ങുകളിൽ പങ്കെടുക്കും. സംസ്ഥാനത്തെ പ്രധാന ബലി തർപ്പണ കേന്ദ്രങ്ങളിൽ

ഒരുക്കങ്ങൾ ഏറെകുറെ പൂർത്തിയായി. നാളെ

പുലർച്ചെ 2.30 മുതൽ മറ്റെന്നാൾ പുലർച്ചെ 12.42 വരെയാണ് ബലിതർപ്പണ ചടങ്ങുകൾ. കണ്ണൂർ ജില്ലയിൽ ഒരുക്കങ്ങളെ കുറിച്ച് ***ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി***

***കെ ഒ ശശിധരൻ***

***(വോയിസ്)***

&&&&&&&&&&&&&&&&&&

**മഴ**

RNU TVPM

സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യത. എട്ടു ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ മറ്റെന്നാൾ വിവിധ ജില്ലകളിൽ ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 25 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&&&

## മണ്ണിടിച്ചിൽ കാസർഗോഡ്

കാസർഗോഡ് ചെറുവത്തൂർ മയ്യിച്ച വീരമല കുന്നിൽ ദേശീയപാത 66 നിർമ്മാണ പ്രദേശത്ത് മണ്ണിടിച്ചിൽ ഉണ്ടായതിനാൽ അടിയന്തിര നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർ ജില്ലാ ദുരന്തനിവാരണ അതോറിറ്റിക്ക് നിർദ്ദേശം നൽകി. ഹൊസ്ദുർഗ് തഹസിൽദാർ, വില്ലേജ് ഓഫീസർ എന്നിവർ സ്ഥലത്തെത്തിയിട്ടുണ്ട്. കൂടുതൽ ഉപകരണങ്ങൾ ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യാനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

&&&&&&&&&&&&&&&&&&

## അംബാലിക തമ്പുരാട്ടി

RNUTVPM

പന്തളം വടക്കേമുറി പുത്തൻകോയിക്കൽ കൊട്ടാരത്തിൽ രോഹിണി നാൾ അംബാലിക തമ്പുരാട്ടി അന്തരിച്ചു. കൊട്ടാരത്തിൽ അശൂലം ബാധിച്ചതിനാൽ വലിയകോയിക്കൽ ശാസ്താ ക്ഷേത്രം അടച്ചു. ശുദ്ധി ക്രിയകൾക്ക് ശേഷം അടുത്ത മാസം രണ്ടിന് ക്ഷേത്രനട തുറക്കും. സ്വാതന്ത്ര സമര സേനാനി ആയിരുന്ന എർണ്ണൂർ നീലകണ്ഠൻ നമ്പൂതിരിയുടെ ഭാര്യയാണ് അംബാലിക തമ്പുരാട്ടി.

&&&&&&&&&&&&&&&&&&

## ലോക്മാന്യ തിലക്

സ്വാതന്ത്ര്യ സമര സേനാനി ലോക്മാന്യ തിലകിന്റെയും ചന്ദ്രശേഖർ ആസാദിന്റെയും ജന്മവാർഷിക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ആദരാഞ്ജലി അർപ്പിച്ചു. സ്വാതന്ത്ര്യദിന പോരാട്ടങ്ങളുടെ ആവേശം നാടെങ്ങും ജ്വലിപ്പിക്കുന്നതിൽ നിർണായക പങ്ക് വഹിച്ച നേതാവായിരുന്നു ലോകമാന്യ തിലക് എന്ന് അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു. സമാനതകളില്ലാത്ത ധീരതയുടേയും മനക്കരുത്തിൻറേയും പ്രതീകമാണ് ആസാദ് എന്ന് അദ്ദേഹം സമൂഹമാധ്യത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

## മൻ കി ബാത്

PNJT VPM

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി ***'മൻ കീ ബാത്'*** ഈ മാസം 27 ന് രാവിലെ 11 മണിക്ക് പ്രക്ഷേപണം ചെയ്യും. പരിപാടിയുടെ 124 -ാം പതിപ്പാണിത്. പൊതുജനങ്ങൾക്ക് നരേന്ദ്ര മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും 1800- 11- 7800 എന്ന ടോൾ ഫ്രീ നമ്പറിലും മറ്റെന്നാൾ വരെ അഭിപ്രായങ്ങളും ആശയങ്ങളും അറിയിക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&

## ഇന്ത്യ-ഇംഗ്ലണ്ട് ടെസ്റ്റ്

RNUTVPM

ഇന്ത്യ- ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം ഇന്ന് മാഞ്ചസ്റ്ററിൽ ആരംഭിക്കും. ഓൾഡ് ട്രാഫോർഡിൽ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം വൈകുന്നേരം 3.30നാണ് മത്സരം. 5 മത്സരങ്ങളുള്ള പരമ്പരയിൽ നിലവിൽ ഇംഗ്ലണ്ട് 2-1 ന് മുന്നിലാണ്.

&&&&&&&&&&&&&&&&&&

## വി ശിവൻകുട്ടി

സംസ്ഥാനത്ത് സ്കൂൾ സമയമാറ്റത്തെ സംബന്ധിച്ച് സ്കൂൾ മാനേജ്മെൻറ് പ്രതിനിധികളുമായി മന്ത്രി വി.ശിവൻകുട്ടി നടത്താനിരുന്ന ചർച്ച വെള്ളിയാഴ്ചലേയ്ക്ക്

മാറ്റി. അതെസമയം, തൃശൂരിൽ ഈ മാസം 26, 27 തീയതികളിൽ നടത്താനിരുന്ന വിജ്ഞാന കേരളം ഓവർസീസ് തൊഴിൽ മേളയും മാറ്റി വച്ചു.

&&&&&&&&&&&&&&&&&&

**മോർച്ച**

വിവിധ മോർച്ചകളുടെ സംസ്ഥാന അധ്യക്ഷന്മാരെ നിയമിച്ച് ബി ജെ പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ .

മലപ്പുറം, തൃശൂർ, വയനാട്,കോട്ടയം, പത്തനംതിട്ട, തിരുവനതപുരം,
കോഴിക്കോട് ജില്ലകളിലായി ഒബിസി,എസ് സി , എസ് ടി , ന്യൂനപക്ഷം ,കിസാൻ,യുവ ,മഹിളാ മോർച്ചകളുടെ അധ്യക്ഷന്മാരെയാണ് നിയമിച്ചത് .

RNU TVPM

&&&&&&&&&&&&&&&&&&

**സിബിസി-ടെണ്ടർ**

കേന്ദ്ര വാർത്താ വിതരണപ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ കേരള- ലക്ഷദ്വീപ് മേഖലയിൽ സർക്കാരിൻറെ വിവിധ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി ഏജൻസികളിൽ നിന്ന് ടെൻഡർ ക്ഷണിച്ചു. ടെൻഡർ സമർപ്പിക്കേണ്ട അവസാന തീയതി ജൂലൈ 28 ആണ്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&

RNU TVPM